(ഡി) സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതികളും മലിനജല നിർമ്മാർജ്ജന പദ്ധതികളും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം നേരിടുന്നത് താഴെപ്പറയുന്ന പ്രധാന കാരണങ്ങളാലാണ് :

(1) പമ്പിംഗ് സ്റ്റേഷനുകൾക്കും പൈപ്പ് ലൈനുകൾക്കും ആവശ്യമായ സ്ഥലം കിട്ടാനും ഏറ്റെടുക്കാനുമുള്ള താമസം.

(2) ഡ്രെയിനേജ് പദ്ധതികൾ ഏറ്റെടുത്ത് ചെയ്യുന്നതിന് പരിജ്ഞാനമുള്ള കരാറുകാരുടെ അഭാവം.

(3) കരാർ ഏറ്റെടുക്കാൻ വരുന്ന കരാറുകാർ നൽകുന്ന കൂടിയ നിരക്ക് കാരണം വീണ്ടും വീണ്ടും ദർഘാസ് ക്ഷണിക്കേണ്ട അവസ്ഥ.

(ഇ) പണികൾ ഏറ്റെടുക്കുന്നതിന് കഴിവുള്ള കോൺട്രാക്ടർമാരെ ഉൾപ്പെടുത്തി കെ.എസ്.യു.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പുകൾ നടത്തി പദ്ധതികൾ പരിചയപ്പെടുത്തി. വലിയ കോൺട്രാക്ടർമാരെ ആകർഷിക്കുന്നതിനായി ടെണ്ടറുകൾ കണ്വെയിൻ ചെയ്ത് വലുതാക്കി ക്ഷണിക്കുന്നതിന് നടപടികൾ നടന്നുവരുന്നു. ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കുന്നത് നഗരസഭയാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പി.ഡബ്ല്യു.ഡി. അധികാരികളുമായി ബന്ധപ്പെട്ട് റോഡ് കട്ടിംഗിനാവശ്യമായ അനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

തൃശ്ശൂർ കോർപ്പറേഷനിൽ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് അഡീഷണൽ പ്രോജക്ട് മാനേജരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടി പരാതി പരിഹരിക്കുകയും കോർപ്പറേഷൻ തലത്തിൽ കെ.എസ്.യു.ഡി.പി. തിരുവനന്തപുരവുമായി ബന്ധപ്പെട്ടും നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി

131 (581) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കടങ്ങോട് സമഗ്ര ശുദ്ധജല പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ എല്ലാ വർക്കുകളും പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവ ചാർജ്ജ് ചെയ്ത് മാസ്റ്റർ ടാങ്കിലും 4 ഓവർ ഹെഡ് ടാങ്കിലും വെള്ളം എത്തിച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആന്റ് കമ്മീഷനിംഗ് വർക്കുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതി ഈ മാസം (ഫെബ്രുവരി 2011) അവസാനത്തോടെ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

താൽക്കാലിക തടയണയും പരിസ്ഥിതി പ്രശ്നങ്ങളും

132 (582) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

കാസർഗോഡ് ജില്ലയിലെ ചീമേനി കാക്കടവിൽ ഏഴിമല നേവൽ അക്കാഡമിക്കും പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പിനും വേണ്ടി കുടിവെള്ളം എടുക്കുന്ന പ്രദേശത്ത് വർഷങ്ങളായി നിർമ്മിക്കുന്ന താൽക്കാലിക തടയണ പരിസ്ഥിതി പ്രശ്നങ്ങൾക്കും സാമൂഹ്യ പ്രശ്നങ്ങൾക്കും കാരണമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കാര്യങ്കോട് പുഴയിൽ കാക്കടവ് എന്ന സ്ഥലത്ത് പുഴയിലെ നീരൊഴുക്ക് വേനൽക്കാലത്ത് കുറയുന്നതുകാരണം 2006 മുതൽ താൽക്കാലിക തടയണ നിർമ്മിക്കുന്നുണ്ട്: കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ഈ തടയണ അത്യാവശ്യമാണ്. താൽക്കാലിക തടയണ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കൾ മഴക്കാലത്ത് ഒഴുകിപ്പോകുമ്പോൾ ബാക്കിയാകുന്ന അവശിഷ്ടങ്ങൾ പരിസ്ഥിതി പ്രശ്നങ്ങളും, സാമൂഹ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ടെന്ന് നാട്ടുകാരും പരിസ്ഥിതി പ്രവർത്തകരും യുവജന സംഘടനകളും പരാതിപ്പെട്ടിട്ടുണ്ട്.

താൽക്കാലിക തടയണ നിർമ്മിക്കാതെ നേവൽ അക്കാഡമിയിലേക്കും മറ്റും വേനൽക്കാലത്ത് കുടിവെള്ളം ലഭ്യമാക്കുവാൻ ബുദ്ധിമുട്ടാണ്.

സ്ഥിരം തടയണ നിർമ്മിക്കുക എന്നുള്ളതാണ് പ്രശ്നത്തിനുള്ള പരിഹാരം. വിശദമായ പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ കുടിവെള്ളക്ഷാമം

133 (583) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കുന്ദമംഗലം-പാലയ്ക്കൽ-പേവുംകൂട്ടുമ്മൽ പ്രദേശത്തെ ആളുകൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഒരു കുടിവെള്ള പദ്ധതി ആരംഭിക്കേണ്ട ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയ്ക്കുമോ ;

(ഡി) പ്രസ്തുത പ്രദേശത്ത് കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly